# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.2410 14.06.2019-ൽ മറുപടിക്ക്**

**ലോവർ മീൻമുട്ടി ഹൈഡൽ ടൂറിസം**

| | ചോദ്യം<br>ശ്രീ ഡി.കെ. മുരളി | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | വാമനപുരം നിയോജക മണ്ഡലത്തിലെ നന്ദിയോട് ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ലോവർ മീൻമുട്ടി ചെറുകിട ജല വൈദ്യുത പദ്ധതി പ്രദേശത്ത് നടപ്പാക്കി വരുന്ന ഹൈഡൽ ടൂറിസം പദ്ധതിയിൽ എന്തൊക്കെ സൗകര്യങ്ങളും, വിനോദോപാധികളുമാണ് പൊതു ജനങ്ങൾക്ക് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കാമോ; | (എ) | വാമനപുരം നിയോജക മണ്ഡലത്തിലെ ലോവർ മീൻമുട്ടി ഹൈഡൽ ടൂറിസം പദ്ധതിയുമായി ബന്ധപ്പെട്ട് വിനോദ സഞ്ചാരികൾക്കായി ഒരു സ്ലോ സ്പീഡ് ബോട്ട്, 4 പെഡൽ ബോട്ടുകൾ, ബോട്ടുജെട്ടി, ടിക്കറ്റ് കൗണ്ടർ, ടോയ് ലറ്റ് ബ്ലോക്ക്, മനോഹരമായ പൂന്തോട്ടം, കുട്ടികളുടെ പാർക്ക്, സൈക്ലിംഗ്, വെള്ളച്ചാട്ടം തുടങ്ങിയവ ഒരുക്കിയിട്ടുണ്ട്. |
| (ബി) | പതിനാറ് ഏക്കർ വിസ്തൃതിയുള്ള ടി പ്രദേശത്ത് വാട്ടർ തീം പാർക്ക് സ്ഥാപിക്കുന്നതിന് കെ. എസ്. ഇ. ബി പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഇതുമായി ബന്ധപ്പെട്ട് കെ.എസ്.ഇ.ബി നിലവിൽ യാതൊരുപദ്ധതിയും തയ്യാറാക്കിയിട്ടില്ല. |
| (സി) | വാട്ടർ തീം പാർക്ക് സ്ഥാപിക്കുന്നതിനും നടത്തിപ്പിനും സഹകരണ മേഖലയിലെ സ്ഥാപനങ്ങളുമായി ചേർന്ന് പദ്ധതി നടപ്പിലാക്കാൻ ആലോചിക്കുമോ; വിശദ വിവരങ്ങൾ നൽകാമോ? | (സി) | ഇതുവരെ തീരുമാനിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ